**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഫെയർകോപ്പി സൂപ്രണ്ടായ ശ്രീ. അനിൽ കുമാറിന്റെ AICD ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആശുപത്രിയിൽ ചികിത്സ നടത്തുന്നതിന് 3,50,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ). നം. 172/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.01.2018

---

പരാമർശം :- 1. 18/02/1997 ലെ സ.ഉ(പി) നമ്പർ 45/97/ആകുവ. നമ്പർ ഉത്തരവ്.
2. 02/11/2000 ലെ സ.ഉ(പി) നമ്പർ 285/2000/ആകുവ. നമ്പർ ഉത്തരവ്.
3. 20/11/2001 ലെ സ.ഉ(പി) നമ്പർ 298/2001/ആകുവ. നമ്പർ ഉത്തരവ്.
4. 29/11/2017 ലെ ശ്രീ. അനിൽ കുമാറിന്റെ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 29/11/2017-ലെ എഫ്2-41462/17 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഫെയർകോപ്പി സൂപ്രണ്ടായ ശ്രീ. അനിൽ കുമാറിന്റെ (ജനനത്തീയതി 29.05.1969, Permanent Employee Number- 461236) AICD ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിത്സ നടത്തുന്നതിന് 4,00,000/-രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഫെയർകോപ്പി സൂപ്രണ്ടായ ശ്രീ. അനിൽ കുമാറിന്റെ (ജനനത്തീയതി 29.05.1969, Permanent Employee Number- 461236) AICD ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായി തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആശുപത്രിയിൽ ചികിത്സ നടത്തുന്നതിന് 3,50,000/-രൂപ (രൂപ മൂന്നു ലക്ഷത്തി അമ്പതിനായിരം മാത്രം) പരാമർശം ഒന്നു മുതൽ മൂന്നു വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെയും സാർക്കാറിന്റെ സഞ്ചിത നിധിയിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) അനുവദിക്കുന്ന 3,50,000/- രൂപയുടെ (രൂപ മൂന്നു ലക്ഷത്തി അമ്പതിനായിരം മാത്രം) പലിശരഹിത ചികിത്സാ വായ്പ ശ്രീ. അനിൽ കുമാർ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്.

(2) തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.

(3) പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കേണ്ടതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .

(4) ശ്രീ. അനിൽ കുമാറിന്റെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

(5) പലിശരഹിത വായ്പ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.

(6) പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(7) അനുവദിക്കുന്ന 3,50,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.

(8) പ്രസ്തുത തുക '7610-00-800-95(02)-IFMA' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അനിൽ കുമാർ, ഫെയർകോപ്പി സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം ജില്ല.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ്(696473/Loans-L3/2018/Fin, dated 08.01.2018).
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(G2/2147/2017/H&FWD dated 27/12/2017)
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ 3/337/17/തസ്വഭവ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ